2026
July
16
THURSDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# മൊത്തവില പണപ്പെരുപ്പം ഉയർന്നു



**ന്യൂഡൽഹി:** ഉപഭോക്തൃവില സൂചികയെ അടിസ്ഥാനമാക്കിയുള്ള രാജ്യത്തെ ചില്ലറ പണപ്പെരുപ്പം ജൂണിൽ ഉയർന്നതിനൊപ്പം മൊത്ത വില പണപ്പെരുപ്പവും ഉയർന്നു. ഭക്ഷ്യവസ്തുക്കൾ, ധാതു എണ്ണകൾ, അടിസ്ഥാന ലോഹങ്ങൾ, രാസവസ്തുക്കളും രാസ ഉത്പന്നങ്ങളും എന്നിവയുടെ വിലവർധന മൂലം ജൂൺ മാസത്തിൽ ഇന്ത്യയിലെ മൊത്തവില സൂചികയെ അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം 9.87 ശതമാനമായി ഉയർന്നുവെന്ന് വാണിജ്യ വ്യവസായ മന്ത്രാലയം പുറത്തുവിട്ട ഔദ്യോഗിക കണക്കുകൾ വ്യക്തമാക്കുന്നു. രണ്ടു വർഷത്തിനിടയിലെ ഉയർന്ന നിരക്കാണിത്. മേയ് മാസത്തിൽ ഇത് 9.68 ശതമാനമായിരുന്നു.

മേയിലെ 109.9മായി താരതമ്യം ചെയ്യുന്പോൾ ജൂണിൽ എല്ലാ ഉത്പന്നങ്ങളുടെയും മൊത്തവില സൂചിക (ഡബ്ല്യുപിഐ) 110.2 ആയി രേഖപ്പെടുത്തി. 2026 ജൂണിലെ വാർഷിക മൊത്തവില പണപ്പെരുപ്പം 9.87 ശതമാനമാണെന്നും, തൊട്ടുമുമ്പത്തെ മാസത്തിൽ ഇത് 9.68 ശതമാനമായിരുന്നുവെന്നും കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയം അറിയിച്ചു.

മേയിൽ 3.93 ശതമാനമായിരുന്ന ഉപഭോക്തൃവില സൂചികയെ അടിസ്ഥാനമാക്കിയുള്ള ചില്ലറ വില്പന പണപ്പെരുപ്പം ജൂണിൽ 4.38 ശതമാനമായാണ് ഉയർന്നത്. ഉപഭോക്തൃ ഭക്ഷ്യവില സൂചിക പ്രകാരമുള്ള ഭക്ഷ്യപണപ്പെരുപ്പം മേയിലെ 4.78 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ജൂണിൽ 5.32 ശതമാനമായി ഉയർന്നു.

പ്രധാന ഡബ്ല്യുപിഐ വിഭാഗങ്ങളിൽ പ്രൈമറി ആർട്ടിക്കിളുകളുടെ പണപ്പെരുപ്പം മേയ് മാസത്തിലെ 4.99 ശതമാനത്തിൽനിന്ന് ജൂൺ മാസത്തിൽ 7.0 ശതമാനമായി ഉയർന്നു. ഈ വിഭാഗത്തിന്റെ സൂചിക മുൻമാസത്തെ 113.7 ശതമാനത്തിൽനിന്ന് 116.1 ആയി വർധിച്ചു. ഭക്ഷ്യവസ്തുക്കളുടെ പണപ്പെരുപ്പം മേയിലെ 3.6 ശതമാനത്തിൽനിന്ന് ജൂണിൽ 5.49 ശതമാനത്തിലേക്ക് ഉയർന്നു. ഭക്ഷ്യേതര വസ്തുക്കളുടെ പണപ്പെരുപ്പം 9.49 ശതമാനത്തിൽനിന്ന് 11.07 ശതമാനമായി വർധിച്ചു. മേയ് മാസത്തിലെ 30.33 ശതമാനത്തിൽനിന്ന് കുറഞ്ഞെങ്കിലും ജൂണിൽ ഇന്ധനഊർജ പണപ്പെരുപ്പം 27.41 ശതമാനമെന്ന ഉയർന്ന നിരക്കിൽ തന്നെ തുടരുന്നു. ഈ വിഭാഗത്തിൽ മിനറൽ ഓയിലുകളുടെ പണപ്പെരുപ്പം മേയിലെ 49.82 ശതമാനവുമായി താരതമ്യം ചെയ്യുമ്പോൾ ജൂണിൽ 46.48 ശതമാനമായി രേഖപ്പെടുത്തി.ക്രൂഡ് പെട്രോളിയം, പ്രകൃതിവാതകം എന്നിവയുടെ പണപ്പെരുപ്പം മേയിലെ 61.51 ശതമാനത്തിൽനിന്ന് ജൂണിൽ 34.75 ശതമാനമായി കുറഞ്ഞു. വൈദ്യുതി 0.76 ശതമാനം ഡിഫ്ലേഷനിൽ തുടർന്നു.

ജൂണിൽ ഉത്പാദിത ഉത്പന്നങ്ങളുടെ പണപ്പെരുപ്പം മാറ്റമില്ലാതെ 7.48 ശതമാനത്തിൽ തുടർന്നു. ഉത്പാദിത ഉത്പന്നങ്ങളുടെ സൂചിക മേയിൽ രേഖപ്പെടുത്തിയ 107.8 ശതമാനത്തിൽ നിലനിന്നു. ഉത്പാദിത ഭക്ഷ്യേത്പന്നങ്ങളുടെ പണപ്പെരുപ്പം 6.14 ശതമാനത്തിൽനിന്ന് ജൂണിൽ 7.2 ശതമാനമായി ഉയർന്നു.

പ്രൈമറി ആർട്ടിക്കിൾസ് ഗ്രൂപ്പിൽ നിന്നുള്ള ഭക്ഷ്യോത്പന്നങ്ങളും ഉത്പാദിത ഭക്ഷ്യോത്പന്നങ്ങളും ഉൾപ്പെടുന്ന ഡബ്ല്യുപിഐ ഭക്ഷ്യ സൂചികയിൽ മേയിലെ 4.49 ശതമാനത്തിൽ നിന്ന് ജൂണിൽ 6.14 ശതമാനമായി ഉയർന്നു.

# കെഎസ് യുഎം ലീപ് സെന്ററുകൾ സ്റ്റാർട്ടപ്പുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു

**കാസർഗോഡ്:** കേരള സ്റ്റാർട്ടപ്പ് മിഷന്റെ (കെഎസ് യുഎം) കാസർഗോഡ് ലീപ്(ലോഞ്ച്, എംപവർ, ആക്സിലറേറ്റ്, പ്രോസ്പെർ) സെന്ററിൽ സബ്സിഡി നിരക്കിൽ കോവർക്കിംഗ്സൗകര്യങ്ങൾ ഉപയോഗിക്കുന്നതിന് യോഗ്യരായ സ്റ്റാർട്ടപ്പുകളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു.

വിദ്യാനഗറിൽ പ്രവർത്തിക്കുന്ന എഎസ്എപി(അസാപ്) കമ്മ്യൂണിറ്റി സ്കിൽ പാർക്കിലാണ് ലീപ് കൊവർക്ക്സ് പ്രവർത്തിക്കുന്നത്. പ്ലഗ്ആൻഡ്പ്ലേ വർക്ക്സ്റ്റേഷനുകൾ, സ്വകാര്യ ഓഫീസ് സ്പേസുകൾ, മീറ്റിംഗ് റൂമുകൾ , ഇന്റർനെറ്റ്, ക്ലൗഡ് ക്രെഡിറ്റുകൾ എന്നിവ ഉൾപ്പെടെ സ്റ്റാർട്ടപ്പുകളുടെ പ്രവർത്തനത്തിനും വളർച്ചയ്ക്കും ആവശ്യമായ ആധുനിക സൗകര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്.

കേരളത്തിൽ രജിസ്റ്റർ ചെയ്ത സ്റ്റാർട്ടപ്പുകൾക്കാണ് അപേക്ഷിക്കാൻ യോഗ്യതയുള്ളത്. കെഎസ് യുഎം യുണീക് ഐഡിയും ഡിപിഐഐടി സ്റ്റാർട്ടപ്പ് ഇന്ത്യ അംഗീകാരവും ആവശ്യമാണ്.

താൽപര്യമുള്ള സ്റ്റാർട്ടപ്പുകൾ leap.startupmission.in എന്ന ലിങ്ക് വഴി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 8593855388 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണെന്ന് അധികൃതർ അറിയിച്ചു

# ഐഡിബിഐ ബാങ്ക് വിൽപന ഉടൻ

**ന്യൂഡൽഹി:** കേന്ദ്രസർക്കാരിനും ലൈഫ് ഇൻഷുറൻസ് കോർപറേഷന് ഓഫ് ഇന്ത്യയ്ക്കും (എൽഐസി) മുഖ്യ ഓഹരി പങ്കാളിത്തമുള്ള ഐഡിബിഐ ബാങ്കിന്റെ 'ഉടമസ്ഥാവകാശം' ഇന്ത്യൻ വംശജനായ കനേഡിയൻ ശതകോടീശ്വരൻ പ്രേം വത്സ നയിക്കുന്ന ഫെയർഫാക്സിന്റെ കൈകളിലേക്ക്. യുഎഇയിലെ നിക്ഷേപസ്ഥാപനമായ എൻബിഡി എമിറേറ്റ്സും ഐഡിബിഐ ബാങ്കിനെ ഏറ്റെടുക്കാൻ രംഗത്തുണ്ടെങ്കിലും ഫെയർഫാക്സുമായി ഡീലിലെത്താൻ കേന്ദ്രം ഏതാണ്ട് തീരുമാനിച്ചെന്നാണ് സൂചന. കേന്ദ്രവും ഫെയർഫാക്സും സ്ഥിരീകരിച്ചിട്ടില്ല.

കേന്ദ്രസർക്കാരിന് 45.48 ശതമാനവും എൽഐസിക്ക് 50 ശതമാനത്തിനടുത്തും ഓഹരികളാണ് ഐഡിബിഐ ബാങ്കിലുള്ളത്. കേന്ദ്രവും എൽഐസിയും ചേർന്ന് 60.72% ഓഹരികളാണ് വിൽക്കുക. 30.48% ഓഹരികൾ വിൽക്കുന്ന കേന്ദ്രത്തിന് 26,620 കോടി രൂപ നിലവിലെ ഓഹരിവില പ്രകാരം കിട്ടുമെന്ന് കരുതുന്നു. എൽഐസി വിൽക്കുന്ന 30.24% ഓഹരികളും ചേരുമ്പോൾ ആകെ ഇടപാട് 53,000 കോടിയാകും.

# പാരാമൗണ്ട്വാർണർ ബ്രദേഴ്സ് ലയനം; യുഎസ് സംസ്ഥാനങ്ങൾ നിയമനടപടിക്ക്

**ന്യൂയോർക്ക്:** പാരാമൗണ്ടും വാർണർ ബ്രദേഴ്സും തമ്മിലുള്ള ലയനം തടയാൻ യുഎസിലെ 12 സംസ്ഥാനങ്ങൾ ഒന്നിച്ചു.

ഹോളിവുഡ് ചരിത്രത്തിലെ ഏറ്റവും വലിയ മാധ്യമ ലയനം കുത്തക സൃഷ്ടിക്കാൻ കാരണമാകുന്നതിലൂടെ മത്സരസാധ്യത ഇല്ലാതാക്കുമെന്നും ഉപഭോക്താക്കൾക്ക് ചെലവ് വർധിക്കുന്നതിന് കാരണമാക്കുമെന്നും ചൂണ്ടിക്കാണിച്ചാണ് സംസ്ഥാനങ്ങൾ നിയമനടപടി നടത്തുന്നത്.പാരാമൗണ്ടിന്റെയും വാർണർ ബ്രദേഴ്സിന്റെയും ഹെഡ്ക്വാർട്ടേഴ്സുകളും പ്രൊഡക്ഷൻ സ്റ്റുഡിയോകളും സ്ഥിതിചെയ്യുന്ന കലിഫോർണിയയുടെ നേതൃത്വത്തിലാണ് കേസ് ഫയൽ ചെയ്തിരിക്കുന്നത്. പാരാമൗണ്ട് 110 ബില്യൺ ഡോളറിനാണ് വാർണർ ബ്രദേഴ്സ് ഡിസ്കവറിയെ ഏറ്റെടുക്കാനൊരുങ്ങുന്നത്.ആന്റിട്രസ്റ്റ് (കുത്തകവിരുദ്ധ) നിയമവ്യവഹാരവുമായി മുന്നോട്ട് പോകുന്നതിനോടൊപ്പം തന്നെ, ഈ ലയനം ഉടനടി തടയുന്നതിനായി ഒരു പ്രാഥമിക നിരോധന ഉത്തരവിനും അവർ അപേക്ഷ നൽകിയിട്ടുണ്ട്.




ഈ ഇടപാട് തിയറ്ററുകൾക്കും ടെലിവിഷൻ വിതരണക്കാർക്കും ദോഷം ചെയ്യുമെന്നും ഉപഭോക്താക്കൾക്ക് ചെലവ് വർധിപ്പിക്കുമെന്നും അതുപോലെ തന്നെ ജീവനക്കാരുടെ വേതനത്തിൽ കുറവുണ്ടാക്കുമെന്നും ന്യൂയോർക്ക്, അരിസോണ, മിനസോട്ട ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ വാദിച്ചു.






## കുസാറ്റ്: റിയൽ ടൈം അഡ്മിഷൻ

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ (കുസാറ്റ്) വിവിധ വകുപ്പുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ നടത്തുന്നു.

### ഹിന്ദി വകുപ്പ്

എംഎ ഹിന്ദി പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 17ന് രാവിലെ 10 മണിക്ക് ഹിന്ദി വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 9446426447, 9895664682, 04842862500

### ഫിസിക്കൽ ഓഷ്യനോഗ്രഫി വകുപ്പ്

എംഎസ് സി ഓഷ്യാനോഗ്രഫി പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 17ന് രാവിലെ 11 മണിക്ക് കുസാറ്റ് ലേക്സൈഡ് ക്യാമ്പസിലെ ഫിസിക്കൽ ഓഷ്യാനോഗ്രഫി വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842863118, 8281602950

### സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസ്

എംബിഎ/ എംബിഎ (ഈവെനിംഗ്)/കളങ്ങജങ്ങ പ്രോഗ്രാമുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 17ന് രാവിലെ 9 മണിക്ക് സ്കൂൾ ഓഫ് മാനേജ്മെന്റ് സ്റ്റഡീസിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484 2575310, 9495995096

### ഇലക്ട്രോണിക്സ് വകുപ്പ്

എം.ടെക്ക് വിഎൽഎസ്ഐ ആൻഡ് എംബഡഡ് സിസ്റ്റം പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 17ന് രാവിലെ 10 മണിക്ക് ഇലക്ട്രോണിക്സ് വകുപ്പിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 0484 2862321, 04842862320

### ദീൻ ദയാൽ ഉപാധ്യായ കൗശൽ കേന്ദ്ര

എം.വോക് ഇൻ സോഫ്റ്റ്വെയർ ആപ്ലിക്കേഷൻ ഡെവലപ്മെന്റ്, എം.വോക് ബാങ്കിങ് ആൻഡ് ഫിനാൻസ് എന്ന പ്രോഗ്രാമുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 17ന് രാവിലെ 10 മണിക്ക് ഡിഡിയുകെകെൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842862839

എംഎസ് സി എൻവയോൺമെറ്റൽ സയൻസ് ആൻഡ് ടെക്നോളജി പ്രോഗ്രാമിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 17ന് രാവിലെ 10 മണിക്ക് സ്കൂൾ ഓഫ് എൻവയോൺമെന്റൽ സ്റ്റഡീസിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842862551

### സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസ്

എം.എസ്.സി ഇൻഡസ്ട്രിയൽ ഫിഷറീസ്, എം.എഫ്.എസ്.സി സീ ഫുഡ് സേഫ്റ്റി ആൻഡ് ട്രേഡ് പ്രോഗ്രാമുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 17ന് രാവിലെ 10 മണിക്ക് കുസാറ്റ് ലേക്സൈഡ് ക്യാമ്പസിലെ സ്കൂൾ ഓഫ് ഇൻഡസ്ട്രിയൽ ഫിഷറീസിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842863711

### സ്കൂൾ ഓഫ് എൻജിനീയറിങ്

എം.ടെക്ക് (ഫുൾ ടൈം) പ്രോഗ്രാമുകളിലേക്കുള്ള റിയൽ ടൈം അഡ്മിഷൻ ജൂലൈ 17ന് രാവിലെ 9:30 ക്ക് സ്കൂൾ ഓഫ് എൻജിനീയറിങ്ങിൽ നടക്കും. കൂടുതൽ വിവരങ്ങൾക്ക് https://admissions.cusat.ac.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക. ഫോൺ: 04842862030.

## കുട്ടികൾക്കും അധ്യാപകർക്കുമായി ശാസ്ത്ര പ്രോഗ്രാം

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെസെന്റർ ഫോർ സയൻസ് ഇൻ സൊസൈറ്റിയിൽ സ്കൂൾ കുട്ടികൾക്കും അധ്യാപകർക്കുമായുള്ള വിവിധ ശാസ്ത്ര പ്രോഗ്രാമുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഏകദിന സമ്പർക്ക പരിപാടി, യുവശാസ്ത്രജ്ഞ വേദി, ടെക്സ്റ്റ് ഓൺ ലാബ്, ബീ ആൻ എക്സലന്റ് ടീച്ചർ പരിപാടികളിലെക്കാണ് ശാസ്ത്രാഭിമുഖ്യമുള്ള കുട്ടികളിൽ നിന്നും, പ്രായോഗിക അധ്യാപനം താത്പര്യമുള്ള ശാസ്ത്ര അധ്യാപകരിൽ നിന്നും അപേക്ഷ ക്ഷണിച്ചത്. ഏകദിന സമ്പർക്ക പരിപാടി ഞായറാഴ്ച ഒഴികെ എല്ലാ ദിവസങ്ങളിലും നടക്കും. യു.പി, ഹൈസ്കൂൾ കുട്ടികൾക്കായി രണ്ടാം ശനിയാഴ്ചയും നാലാം ശനിയാഴ്ചയും നടത്തുന്ന യുവശാസ്ത്രജ്ഞവേദി ആഗസ്റ്റ് 8 മുതൽ ആരംഭിക്കും. ടെക്സ്റ്റ് ഓൺ ലാബ് ഹൈസ്കൂൾ കുട്ടികൾക്കും, ബീ ആൻ എക്സലന്റ് ടീച്ചർ പ്രോഗ്രാം ഫിസിക്സ്, ബയോളജി, കെമിസ്ട്രി, ഗണിത അധ്യാപകർക്കും വേണ്ടിയുള്ളതാണ്. കൂടുതൽ വിവരങ്ങൾക്കും രജിസ്ട്രേഷനും ഈ നമ്പറിൽ ബന്ധപ്പെടാം 9188219863.



## ഫാർമസ്യൂട്ടിക്കൽ ആന്റ് സെയിൽസ് മാനേജർസ് വെൽഫയർ അസോസിയേഷൻ സംസ്ഥാന സമ്മേളനം

**തിരുവനന്തപുരം:** ഫാർമസ്യൂട്ടിക്കൽ ആന്റ് സെയിൽസ് മാനേജർസ് വെൽഫയർ അസോസിയേഷന്റെ 40മത് സംസ്ഥാന സമ്മേളനം എറണാകുളം രാമവർമ്മക്ലബ്ബിൽ ഉമാ തോമസ് എംഎൽഎ ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ, സുനിൽ കെ മത്തായി, ഗീതാ ജേക്കബ്, ആന്റണി തരിയൻ തുടങ്ങിയ സംസ്ഥാന ഭാരവാഹികൾ സംസാരിച്ചു

2026-28 വർഷത്തെ പുതിയ ഭാരവാഹികൾ ആയി താഴെ പറയുന്ന വരെ സമ്മേളനം തിരഞ്ഞെടുത്തു. സംസ്ഥാന അഡ്വൈസർ പ്രശാന്ത് ആർ നായർ, (എറണാകുളം), പ്രസിഡന്റ് സതീഷ് കുമാർ. എസ് (തിരുവനന്തപുരം) വൈസ് പ്രസിഡന്റ് സതീഷ് കുമാർ കെ.എസ്, (എറണാകുളം) സെക്രട്ടറി അനിഷ് എസ്.എസ് (തിരുവനന്തപുരം) ജോയിന്റ് സെക്രട്ടറി ഗോപകുമാർ വി.എസ്, (തിരുവനന്തപുരം) ട്രഷറർ മൻമോഹൻ.പി (എറണാകുളം)

## ലിറ്റിൽ കൈറ്റ്സ് അവാർഡുകൾ പ്രഖ്യാപിച്ചു

**കൊച്ചി:** പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ (കൈറ്റ്) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നടപ്പാക്കുന്ന 'ലിറ്റിൽ കൈറ്റ്സ്' ഐടി ക്ലബ്ബുകളുടെ 2026 വർഷത്തെ സംസ്ഥാനജില്ലാതല അവാർഡുകൾ പ്രഖ്യാപിച്ചു. സെന്റ് ലിറ്റിൽ തെരേസാസ് എച്ച് എസ് വാഴക്കുളം സ്കൂൾ ജില്ലാ തലത്തിൽ ഒന്നാം സ്ഥാനം നേടി .സെന്റ് ജോസഫ് ഗേൾസ് എച്ച് എസ് കറുകുറ്റി, സെന്റ് ജോസഫ് ഗേൾസ് എച്ച് എസ് ചെങ്ങൽ എന്നീ വിദ്യാലയങ്ങൾ ജില്ലാ തലത്തിൽ യഥാക്രമം രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. ഉപജില്ലാ തലത്തിലെ മികച്ച വിദ്യാലയങ്ങളായി സെന്റ് ജോസഫ് സി ജി എച്ച് എസ് കാഞ്ഞൂർ സ്കൂൾ (ആലുവ ഉപജില്ല), സെന്റ് ജോസഫ് എച്ച് എസ് പൂവത്തുശ്ശേരി സ്കൂൾ (അങ്കമാലി ഉപജില്ല). സെന്റ് മേരീസ് സി ജി എച്ച് എസ് എറണാകുളം (എറണാകുളം ഉപജില്ല) സെന്റ് പോൾസ് എച്ച് എസ് മുത്തോലപുരം ( കൂത്താട്ടുകുളം ഉപജില്ല) സെന്റ് അഗസ്റ്റിന് ഗേൾസ് എച്ച് എസ് കോതമംഗലം (ഉപജില്ല !കോതമംഗലം) ഔവർ ലേഡി സി ജി എച്ച് എസ് പള്ളുരുത്തി (മട്ടാഞ്ചേരി ഉപജില്ല)സെന്റ് അഗസ്റ്റിന് ഗേൾസ് എച്ച് എസ് മുവാറ്റുപുഴ( മുവാറ്റുപുഴ ഉപജില്ല) ശ്രീനാരായണ എച്ച് എസ് എസ് നോർത്ത് പറവൂർ (പറവൂർ ഉപജില്ല) എസ് എൻ എച്ച് എസ് ഒക്കൽ (പെരുമ്പാവൂർ ഉപജില്ല) സെന്റ് അഗസ്റ്റിൻ ഗേൾസ് എച്ച് എസ് കുഴുപ്പിള്ളി (വൈപ്പിൻ ഉപജില്ല) തെരഞ്ഞെടുക്കപ്പെട്ടു. എഐ ലിറ്ററസി, റോബോട്ടിക് പരിശീലനം, ഡിജിറ്റൽ ഇൻക്ലൂഷൻ, സ്കൂളുകളുടെ സാമൂഹിക ഇടപെടലുകൾ തുടങ്ങിയ വിവിധ മേഖലകളിലെ മികച്ച പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ഈ വർഷത്തെ പുരസ്കാരങ്ങൾ നിശ്ചയിച്ചിരിക്കുന്നത്.

തിരുവനന്തപുരം കേരള നിയമസഭാ സമുച്ചയത്തിലെ ആർ. ശങ്കരനാരായണൻ തമ്പി ഹാളിൽ വെച്ച് നടന്ന അവാർഡ് വിതരണ ചടങ്ങിൽ മന്ത്രി എൻ. ഷംസുദ്ദീൻ ജില്ലാതല വിജയികൾക്കുള്ള അവാർഡ് വിതരണം നടത്തി. കേരള നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ശ്രീമതി. ഷാനിമോൾ ഉസ്മാൻ ചടങ്ങിൽ മുഖ്യപ്രഭാഷണം നടത്തി. ചടങ്ങിൽ പൊതുവിദ്യാഭ്യാസ സ്പെഷ്യൽ സെക്രട്ടറി ഡോ. ഡി സജിത് ബാബു ഐ എ എസ്, പൊതുവിദ്യാഭ്യാസ ഡയറക്ടർ ശ്രീ. സ്നേഹിൽകുമാർ സിംഗ് ഐ എ എസ്, കൈറ്റ് സി ഇ ഒ കെ. അൻവർസാദത്ത് എന്നിവർ പങ്കെടുത്തു.

ജില്ലാതലത്തിൽ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടുന്ന സ്കൂളുകൾക്ക് യഥാക്രമം 40,000, 30,000, 20,000 രൂപ വീതമാണ് ക്യാഷ് അവാർഡ്. പുരസ്കാര തുകയ്ക്ക് പുറമെ പ്രത്യേകം രൂപകല്പന ചെയ്ത ട്രോഫിയും പ്രശംസാപത്രവും സ്കൂളുകൾക്ക് വിതരണം ചെയ്തു.

## നൂതന ബയോമെഡിക്കൽ ഗവേഷണത്തിന് കുസാറ്റിന് എഐസിടിഇയുടെ 31 ലക്ഷം രൂപയുടെ ഗവേഷണ ഗ്രാന്റ് ലഭിച്ചു

**കൊച്ചി:** കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയിലെ പോളിമർ സയൻസ് ആൻഡ് റബ്ബർ ടെക്നോളജി വകുപ്പിൽ അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ 31 ലക്ഷം രൂപയുടെ ഗവേഷണ ഗ്രാന്റ് ലഭിച്ചു. എഐസിടിഇയുടെ റിസർച്ച് പ്രൊമോഷൻ സ്കീം പദ്ധതിയുടെ ഭാഗമായാണ് ധനസഹായം അനുവദിച്ചത്.

പ്രമേഹരോഗികളിലെ സങ്കീർണമായ അസ്ഥി പുനരുജ്ജീവന ചികിത്സകൾക്കും ക്രാനിയോമാക്സില്ലോഫേഷ്യൽ ശസ്ത്രക്രിയകൾക്കുമായി ഉപയോഗിക്കാവുന്ന നൂതന കോംപോസിറ്റ് ബയോമെറ്റീരിയലുകൾ വികസിപ്പിക്കുന്നതാണ് പദ്ധതിയുടെ ലക്ഷ്യം.

പോളിമർ സയൻസ് ആൻഡ് റബ്ബർ ടെക്നോളജി വകുപ്പിലെ ഡോ. സൈലജ ജി. എസ്. , ഡോ. അഭിത കെ. എന്നിവരുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പാക്കുന്നത്.

നൂതന ബയോമെറ്റീരിയലുകളുടെയും പോളിമർ സാങ്കേതികവിദ്യകളുടെയും മേഖലയിൽ നിരവധി പേറ്റന്റുകൾ സ്വന്തമാക്കിയ ഗവേഷകയും അധ്യാപികയുമാണ് ഡോ. സൈലജ ജി. എസ്. നിലവിൽ റൂസ 2.0 പദ്ധതിയുടെ കീഴിലുള്ള പ്രധാന ഗവേഷണ സംരംഭങ്ങൾ ഉൾപ്പെടെ വിവിധ സ്ഥാപനതല ഗവേഷണ പദ്ധതികളുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായും പ്രവർത്തിച്ചുവരുന്നു.

# എം.ജി സർവകലാശാല

## ലോജിസ്റ്റിക്സ് ഡിപ്ലോമ: ഒഴിവുള്ള സീറ്റുകളിലേക്ക് അപേക്ഷിക്കാം

ഡയറക്ടറേറ്റ് ഫോർ അപ്ലൈഡ് ഷോർട്ട്ടേം പ്രോഗ്രാംസ് നടത്തുന്ന ഹ്രസ്വകാല തൊഴിൽ അധിഷ്ഠിത ഫുൾടൈം കോഴ്സായ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ്, സപ്ലൈ ചെയിൻ ആൻറ് പോർട്ട് മാനേജ്മെൻറ്' പ്രോഗ്രാമിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. പ്ലസ് ടു ജയിച്ചവർക്ക് അപേക്ഷിക്കാം.

ഒരു വർഷം ദൈർഘ്യമുള്ള കോഴ്സിന് രണ്ട് സെമസ്റ്ററുകളിലായി ആകെ 40,000 രൂപയാണ് ഫീസ്. ലോജിസ്റ്റിക്സ്, സപ്ലൈ ചെയിൻ, പോർട്ട് മാനേജ്മെൻറ് മേഖലകളിലെ മികച്ച തൊഴിൽ സാധ്യതകൾ മുൻനിർത്തി പ്രായോഗിക പരിശീലനത്തിനും വ്യവസായാധിഷ്ഠിത നൈപുണ്യ വികസനത്തിനും മുൻഗണന നൽകിയാണ് കോഴ്സ് ക്രമീകരിച്ചിരിക്കുന്നത്. 2025 ബാച്ചിലെ മുഴുവൻ വിദ്യാ!ർത്ഥികളും തൊഴിൽ നേടി. കൊച്ചി പോർട്ട് അടക്കമുള്ള മികച്ച സ്ഥാപനങ്ങളിൽ ഇന്റേൺഷിപ്പ് അവസരം. താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ജൂലൈ 31നകം അപേക്ഷ സമർപ്പിക്കേണ്ടതാണ്. വിവരങ്ങൾക്ക് dasp.mgu.ac.in

## സ്പോട്ട് അഡ്മിഷൻ

സ്കൂൾ ഓഫ് മാത്തമാറ്റിക്സ് ആൻറ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ എം.എസ്.സി മാത്തമാറ്റിക്സ്, എം.എസ്.സി സ്റ്റാറ്റിസ്റ്റിക്സ് കോഴ്സുകളിൽ എസ് സി/എസ്ടി വിഭാഗക്കാർക്കായി ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ജൂലൈ 16ന് രാവിലെ 10:30ന് യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി വകുപ്പിൽ നേരിട്ട് ഹാജരാകേണ്ടതാണ്. ഫോൺ 8304870247, 9037083648.

## ദിവസവേതനാടിസ്ഥാനത്തിൽ തൊഴിൽ

ശുചീകരണ വിഭാഗത്തിൽ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുവാൻ താല്പര്യമുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പ്രതിദിനം 150 രൂപ ദിവസവേതന നിരക്കിൽ താല്ക്കാലികമായാണ് ഈ നിയമനം. യോഗ്യതയുള്ളവർ വെള്ളക്കടലാസിൽ തയ്യാറാക്കിയ അപേക്ഷ, ആധാർ കാർഡ്, ബാങ്ക് പാസ് ബുക്ക് എന്നിവയുടെ പകർപ്പുകളും സഹിതം ജോയിൻറ് രജിസ്ട്രാർ മുൻപാകെ ജൂലൈ 22നകം സമർപ്പിക്കേണ്ടതാണ്.

## വൈവ വോസി

പത്താം സെമസ്റ്റർ ബിആർക് (2016 മുതൽ 2018 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി) ജൂലൈ 2026 ൻറെ തീസിസ് മൂല്യനിർണയം, വൈവ വോസി പരീക്ഷകൾ ജൂലൈ 23 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

സെമസ്റ്റർ എംബിഎ (2025 അഡ്മിഷൻ റഗുലർ, 2022 മുതൽ 2024 വരെ അഡ്മിഷനുകൾ സപ്ലിമെൻററി, 2021 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2020 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2019 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ജൂലൈ 2026 ന്റെ വൈവ വോസി പരീക്ഷകൾ ജൂലൈ 21 മുതല നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

മൂന്നാം സെമസ്റ്റർ എംഎഫ്എ (2024 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ജൂലൈ 16ന് തൃപ്പൂണിത്തുറ ആർ എൽ വി കോളേജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.

ആറാം സെമസ്റ്റർ ബിഎ മൾട്ടീമീഡിയ, വിഷ്വൽ കമ്മ്യൂണിക്കേഷൻ ആൻറ് ആഡിയോഗ്രഫി ആൻറ് ഡിജിറ്റൽ എഡിറ്റിംഗ് (സിബിസിഎസ്) (പുതിയ സ്കീം2023 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മെയ് 2026 പരീക്ഷയുടെ പ്രാക്ടിക്കൽ/ പ്രൊജക്റ്റ് പരീക്ഷകൾ ജൂലൈ 20 മുതൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

## പരീക്ഷാഫലം

ഒന്നും രണ്ടും സെമസ്റ്റർ ബിടെക് (2010 അഡ്മിഷൻ സ്പെഷ്യൽ മെഴ്സി ചാൻസ്) ഡിസംബർ 2025 ൻറെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 29 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

മൂന്നാം സെമസ്റ്റർ എംഎ അനിമേഷൻ, എംഎ സിനിമ ആൻറ് ടെലിവിഷൻ, എംഎസ് സി ആക്ച്യൂരിയൽ സയൻസ് (പിജിസിഎസ്എസ്) (2024 അഡ്മിഷൻ തോറ്റവർക്കായുള്ള സ്പെഷ്യൽ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും ജൂലൈ 29 വരെ ഓൺലൈനിൽ അപേക്ഷിക്കാം.

ഏഴാം സെമസ്റ്റർ ഇൻറഗ്രേറ്റഡ് മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (2019 അഡ്മിഷൻ സപ്ലിമെൻററി, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ഡ്യുവൽ ഡിഗ്രി മാസ്റ്റർ ഓഫ് കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് (2016 അഡ്മിഷൻ അവസാന മെഴ്സി ചാൻസ്) ഡിസംബർ 2025 ൻറെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും 2016 മുതൽ 2018 വരെയുള്ള വിദ്യാർത്ഥികൾ ഓഫ് ലൈനായും, 2019 അഡ്മിഷൻ വിദ്യാർത്ഥികൾക്ക് ഓൺലൈനായും ജൂലൈ 29 വരെ അപേക്ഷിക്കാം.




# സെന്റ് സേവ്യേഴ്സ് കോളേജിൽ ഫിനാൻഷ്യൽ ലിട്രസി ക്ലബ്ബ് ഉദ്ഘാടനം ചെയ്തു

**ആലുവ:** സെന്റ് സേവ്യേഴ്സ് കോളജ് ഫോർ വിമൻസിൽ ഫിനാൻഷ്യൽ ലിറ്ററസി ക്ലബ് പത്മശ്രീ ഡോ ടോണി ഫെർണാണ്ടസ് ഉദ്ഘാടനം ചെയ്തു.

വിദ്യാർത്ഥിനികളിൽ സാമ്പത്തിക അവബോധവും ഉത്തരവാദിത്തമുള്ള സാമ്പത്തിക പെരുമാറ്റവും വളർത്തിയെടുക്കുവാൻ ഫിനാൻഷ്യൽ ലിട്രസി ക്ലബ്ബ് സഹായിക്കുമെന്ന് ഡോ. ടോണി പറഞ്ഞു. വ്യക്തിഗത ധനകാര്യ മാനേജ്മെന്റ്, സമ്പാദ്യം, നിക്ഷേപം, ബജറ്റിംഗ്, ഇൻഷുറൻസ്, നികുതി, ഡിജിറ്റൽ ബാങ്കിംഗ് തുടങ്ങിയ വിഷയങ്ങളിൽ പ്രായോഗിക അറിവ് വിദ്യാർത്ഥിനികൾക്ക് നൽകുകയാണ് ക്ലബിന്റെ പ്രധാന ലക്ഷ്യം. സാമ്പത്തിക തട്ടിപ്പുകൾ, സൈബർ സുരക്ഷ, ഉത്തരവാദിത്തമുള്ള വായ്പാ സംസ്കാരം എന്നിവയെക്കുറിച്ചും ക്ലബ് ബോധവൽക്കരണം നടത്തുന്നു. സാമ്പത്തികമായി സ്വയംപര്യാപ്തരും വിവേകപൂർവമായ തീരുമാനങ്ങൾ എടുക്കാനും നിർദ്ദേശങ്ങൾ നൽകുവാനും കഴിവുള്ളവരായ ഉത്തരവാദിത്തമുള്ള പൗരന്മാരെ വളർത്തിയെടുക്കുക എന്നതാണ് ക്ലബിന്റെ ദൗത്യം.

കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന ഉദ്ഘാടന സമ്മേളനത്തിൽ പ്രിൻസിപ്പൽ ഡോ മിലൻ ഫ്രാൻസ് അധ്യക്ഷത വഹിച്ചു. കോളേജ് മാനേജർ സി. സിസ്റ്റർ സി.റ്റി.സി., ജനസേവ ശിശുഭവൻ ചെയർമാൻ ജോസ് മാവേലി, പ്രസിഡന്റ് അഡ്വ. ചാർളി പോൾ, ജനറൽ കൺവീനർ ഡോ ജോബി തോമസ്, എൻഎസ്എസ് പ്രോഗ്രാം ഓഫീസർ ഡോ. കെ. ലേഖ, ഫാക്റ്റ് സോഷ്യൽ സർവീസ് ഫോറം വൈസ് പ്രസിഡൻറ് പി എം അലി തുടങ്ങിയവർ പ്രസംഗിച്ചു.

# ഇന്ത്യൻ ജനാധിപത്യത്തിന്റെ 75 വർഷങ്ങൾ; ചരിത്രഗ്രന്ഥവും രണ്ട് ഗവേഷണ ജേണലുകളും പ്രകാശനം ചെയ്തു

**ന്യൂഡൽഹി:** ഇന്ത്യൻ ജനാധിപത്യത്തിന്റെ കഴിഞ്ഞ ഏഴര പതിറ്റാണ്ടിലെ ചരിത്രവഴികൾ വ്യക്തമാക്കുന്ന ’75 ഇയേഴ്സ് ഓഫ് ഇന്ത്യൻ ഡെമോക്രസി: ദി ഇന്ത്യൻ ഇലക്ഷൻ സ്റ്റോറി ഇൻ ഫാക്ട്സ് ആൻഡ് ഫിഗേഴ്സ് എന്ന പുസ്തകം രാജ്യസഭാ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് പ്രകാശനം ചെയ്തു. ന്യൂഡൽഹിയിലെ അദ്ദേഹത്തിന്റെ ഔദ്യോഗിക വസതിയിൽ നടന്ന ചടങ്ങിലാണ് പുസ്തകത്തിന്റെ പ്രകാശനം നിർവ്വഹിച്ചത്.

ഇതോടൊപ്പം വിദഗ്ദ്ധർ വിലയിരുത്തിയ രണ്ട് പുതിയ ത്രൈമാസ ഗവേഷണ ജേണലുകളുടെ ആദ്യ പതിപ്പും അദ്ദേഹം പുറത്തിറക്കി. ഇന്ത്യൻ ജേണൽ ഓഫ് ഇലക്ടറൽ സ്റ്റഡീസ്, ഇന്ത്യൻ ജേണൽ ഓഫ് സോഷ്യോഇക്കണോമിക് സ്റ്റഡീസ് എന്നിവയാണ് പ്രകാശനം ചെയ്ത ജേണലുകൾ.

ഇൻഡ്യാസ്റ്റാറ്റ് പബ്ലിക്കേഷൻസ് പ്രസിദ്ധീകരിച്ച ഈ ചരിത്രഗ്രന്ഥം 1950 മുതൽ 2025 വരെയുള്ള ഇന്ത്യയുടെ തെരഞ്ഞെടുപ്പ് പ്രക്രിയകളുടെ സമഗ്രമായ വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒന്നാണ്. റിപ്പബ്ലിക്കിന്റെ ഭരണഘടനാപരവും സ്ഥാപനപരവും രാഷ്ട്രീയവുമായ വളർച്ചയെ ഈ പുസ്തകം കൃത്യമായി അടയാളപ്പെടുത്തുന്നു.

1950 മുതൽ 2025 വരെ രാജ്യത്ത് നടന്ന രാഷ്ട്രപതി, ഉപരാഷ്ട്രപതി, രാജ്യസഭ, ലോക്സഭ, സംസ്ഥാന നിയമസഭകൾ എന്നിവയിലേക്കുള്ള തെരഞ്ഞെടുപ്പുകളുടെ വർഷം തിരിച്ചുള്ള വിവരങ്ങൾ ഇതിലുണ്ട്. കൃത്യമായ ഡാറ്റാ ടേബിളുകൾ, ടൈംലൈനുകൾ, ചാർട്ടുകൾ, ഭരണകാലയളവിന്റെ രേഖകൾ എന്നിവ പുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പുസ്തകത്തിന്റെ സമകാലിക പ്രസക്തി നിലനിർത്താൻ 2026 ജനുവരി മുതൽ ജൂൺ വരെയുള്ള പ്രധാന രാഷ്ട്രീയ തെരഞ്ഞെടുപ്പ് വിവരങ്ങൾ അടങ്ങിയ ഒരു പ്രത്യേക അനുബന്ധവും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.



ഇന്ത്യൻ ജേണൽ ഓഫ് ഇലക്ടറൽ സ്റ്റഡീസ് തെരഞ്ഞെടുപ്പ് സംവിധാനങ്ങൾ, ജനാധിപത്യ സ്ഥാപനങ്ങൾ, തെരഞ്ഞെടുപ്പ് പരിഷ്കരണങ്ങൾ, വോട്ടിംഗ് രീതികൾ, രാഷ്ട്രീയ പങ്കാളിത്തം എന്നിവയെക്കുറിച്ചുള്ള ഗവേഷണങ്ങൾക്ക് വേദി ഒരുക്കുന്നു. ഇന്ത്യയുടെ സാമ്പത്തിക രംഗം, സമൂഹം, ഭരണം, പൊതുനയം, സുസ്ഥിര വികസനം എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾക്കാണ് ഇന്ത്യൻ ജേണൽ ഓഫ് സോഷ്യോഇക്കണോമിക് സ്റ്റഡീസ് മുൻഗണന നൽകുന്നത്.

പാർലമെന്റ് അംഗങ്ങൾ, നയതന്ത്രജ്ഞർ, തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ, ഗവേഷകർ, വിദ്യാർത്ഥികൾ, മാധ്യമപ്രവർത്തകർ എന്നിവർക്ക് വിശ്വസനീയമായ വിവരങ്ങളും ഗവേഷണങ്ങളും എളുപ്പത്തിൽ ലഭ്യമാക്കുകയാണ് പുസ്തകത്തിന്റെയും ജേണലുകളുടെയും ലക്ഷ്യം.

കൃത്യമായ വിവരങ്ങളുടെയും ആഴത്തിലുള്ള ഗവേഷണങ്ങളുടെയും അടിസ്ഥാനത്തിലുള്ള ഇത്തരം പഠനങ്ങളെ ഡെപ്യൂട്ടി ചെയർമാൻ ഹരിവംശ് അഭിനന്ദിച്ചു. ഏഴ് പതിറ്റാണ്ടിലേറെയുള്ള ഇന്ത്യയുടെ തെരഞ്ഞെടുപ്പ് വിവരങ്ങൾ ഒറ്റ പുസ്തകത്തിൽ ലഭ്യമാക്കുന്നത് രാജ്യത്തിന്റെ ജനാധിപത്യ പാരമ്പര്യം കാത്തുസൂക്ഷിക്കാൻ സഹായിക്കുമെന്നും, ഇത് നയരൂപകർത്താക്കൾക്കും ഭാവിതലമുറയ്ക്കും ഒരു മികച്ച റഫറൻസ് സഹായിയായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ഇൻഡ്യാസ്റ്റാറ്റ് പബ്ലിക്കേഷൻസ് ഡയറക്ടറും പുസ്തകത്തിന്റെയും ജേണലുകളുടെയും എഡിറ്ററുമായ ഡോ. ആർ. കെ. തുക്രാൽ ചടങ്ങിൽ നന്ദി രേഖപ്പെടുത്തി. വിശ്വസനീയമായ വിവരങ്ങളും ഗവേഷണങ്ങളും സാധാരണക്കാരിലേക്കും ഗവേഷകരിലേക്കും എത്തിക്കാനുള്ള ഇൻഡ്യാസ്റ്റാറ്റിന്റെ പ്രതിബദ്ധതയുടെ ഭാഗമാണ് ഈ സംരംഭമെന്ന് അദ്ദേഹം പറഞ്ഞു. ഇത്തരം ഗവേഷണങ്ങൾക്ക് പിന്തുണ നൽകിയതിന് രാജ്യസഭാ ഡെപ്യൂട്ടി ചെയർമാനോട് അദ്ദേഹം നന്ദി അറിയിക്കുകയും ചെയ്തു.

# കെട്ടിടം ഉയർത്തുന്നതിന് നിയമം വരുന്നു; കെട്ടിടങ്ങളുടെ പ്രായം നിർണയിക്കാൻ ഏജ് സർട്ടിഫിറ്റ്

**കൊച്ചി:** ബലക്ഷയം, വെള്ളപ്പൊക്ക ഭീഷണി, റോഡിന്റെ ഉയരം വർധിക്കൽ തുടങ്ങി പലവിധ കാരണങ്ങളാൽ കെട്ടിടങ്ങൾ ഹൈഡ്രോളിക് ജാക്കിയുടെ സഹായത്തോടെ ഉയർത്തി പുനർനിർമിക്കുന്ന പ്രവൃത്തികൾക്ക് നിയന്ത്രണം വരുന്നു. കഴിഞ്ഞ ദിവസം എംജി റോഡിൽ കെട്ടിടം ഉയർത്തുന്ന പണികൾക്കിടെ ഒരു വശത്തേക്ക് ചരിഞ്ഞ് അപകടമുണ്ടായ പശ്ചാത്തലത്തിൽ ഇത്തരം നിർമാണ പ്രവർത്തികൾക്ക് നിയമ വ്യവസ്ഥ കൊണ്ടുവരണമെന്ന ആവശ്യവുമായി കൊച്ചി കോർപറേഷൻ സർക്കാരിനെ സമീപിച്ചു. പഞ്ചായത്ത്, മുനിസിപ്പാലിറ്റി ആക്ടുകളിൽ ഇത് സംബന്ധിച്ച് നിയമനിർമാണം നടത്തണമെന്നാണ് മേയർ അഡ്വ. വി.കെ. മിനിമോളുടെ നേതൃത്വത്തിൽ കോർപറേഷൻ ആവശ്യപ്പെട്ടിരിക്കുന്നത്.

നിലവിലുള്ള കെട്ടിടഘടനയിൽ മാറ്റം വരുത്തുന്ന നിർമാണങ്ങൾക്ക് മാത്രമാണ് പഞ്ചായത്ത്, മുനിസിപ്പൽ ആക്ടുകളിൽ ചട്ടങ്ങൾ പറഞ്ഞിട്ടുള്ളൂ. വീടിനുള്ളിൽ കൊണ്ടുവരുന്ന മാറ്റങ്ങൾക്കും കെട്ടിടം അതേ നിലയിൽ ഉയർത്തുന്നതിനും പ്രത്യേക വ്യവസ്ഥകളോ ചട്ടങ്ങളോ ഇല്ല. ഈ സൗകര്യത്തിന്റെ ആനുകൂല്യത്തിൽ കെട്ടിടങ്ങൾ ഉയർത്തുന്ന പണികൾ വ്യാപകമായി നടക്കുന്നുണ്ട്. പ്രത്യേകിച്ച് കൊച്ചിപോലെ ജനസാന്ദ്രതയേറിയ നഗരങ്ങളിൽ.

യാതൊരുവിധ സാങ്കേതിക പരിശോധനകളോ പഠനങ്ങളോ ഇല്ലാതെയാണ് ഇത്തരം നിർമാണ പ്രവർത്തികൾ നടക്കുന്നതെന്നും ആക്ഷേപമുണ്ട്. സ്ട്രക്ചറൽ സ്റ്റെബിലിറ്റി റിപ്പോർട്ട്, മണ്ണ് പരിശോധന, അടിത്തറയുടെ വിലയിരുത്തൽ, അപകട സാധ്യത വിലയിരുത്തൽ, എമർജൻസി റസ്പോൺസ് പ്ലാൻ എന്നിവ ഹൗസ് ലിഫ്റ്റിംഗ് ജോലിയ്ക്ക് മുന്നോടിയായി തയാറാക്കേണ്ടതാണ്. ഇതൊന്നും ഇല്ലാതെയാണ് നിർമാണം നടക്കുന്നത്.

പെർമിറ്റ് ആവശ്യമില്ലാത്തതിനാൽ തദ്ദേശ സ്ഥാപനങ്ങൾ ഇക്കാര്യങ്ങളൊന്നും അറിയാറില്ല. എന്തെങ്കിലും അപകടം സംഭവിക്കുമ്പോൾ മാത്രമാണ് വാർത്ത ആകുന്നതും ചർച്ച ചെയ്യപ്പെടുന്നതും. നിയമത്തിൻറെ പരിധിയിൽവന്നാൽ ഇത്തരം നിർമാണ പ്രവർത്തനങ്ങൾക്ക് നിയന്ത്രണം ഉണ്ടാകും. മാത്രമല്ല, തദ്ദേശ സ്ഥാപനങ്ങളുടെ സാങ്കേതിക വിഭാഗത്തിന്റെ നോട്ടവും ഉണ്ടാകും. അതുകൊണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ അനുമതിയോടെ ഇത്തരം നിർമാണ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന നിലയിൽ നിയമനിർമാണം കൊണ്ടുവരണമെന്നാണ് കൊച്ചി കോർപറേഷൻ ആവശ്യപ്പെടുന്നത്.



# അമല മെഡിക്കൽ കോളജിന് എ പ്ലസ് ഗ്രേഡ്


**തൃശൂർ:** കേരള ആരോഗ്യശാസ്ത്ര സർവകലാശാലയുടെ ക്വാളിറ്റി അഷറൻസ് സിസ്റ്റം വിലയിരുത്തലിൽ അമല മെഡിക്കൽ കോളജ് ഏറ്റവും ഉയർന്ന ഗ്രേഡായ എ പ്ലസ് കരസ്ഥമാക്കി. രണ്ടാം തവണയാണ് അമല മെഡിക്കൽ കോളജിന് എ പ്ലസ് ഗ്രേഡ് ലഭിക്കുന്നത്.

അക്കാദമിക മികവ്, ചികിത്സാ സേവനങ്ങളുടെ ഗുണനിലവാരം, അടിസ്ഥാന സൗകര്യങ്ങൾ, ഗവേഷണ പ്രവർത്തനങ്ങൾ, വിദ്യാർഥി ക്ഷേമം, ഭരണനിർവഹണം, ഗുണനിലവാരം ഉറപ്പാക്കൽ പ്രവർത്തനങ്ങൾ തുടങ്ങിയ വിവിധ മേഖലകളിലെ മികച്ച പ്രകടനമാണ് ഈ അംഗീകാരത്തിന് അർഹമാക്കിയത്.

കഴിഞ്ഞയാഴ്ച പ്രസിദ്ധീകരിച്ച ഇന്ത്യാ ടുഡേ എജുക്കേഷണൽ റാങ്കിംഗ് ഫ്രെയിം വർക്കിൽ രാജ്യത്തിലെ മികച്ച മെഡിക്കൽ കോളജുകളിൽ 44 ാം സ്ഥാനവും അമല മെഡിക്കൽ കോളജ് നേടിയിരുന്നു. മെഡിക്കൽ വിദ്യാഭ്യാസത്തിലും രോഗീപരിചരണത്തിലും ഉയർന്ന നിലവാരം നിലനിർത്തുന്നതിനായി അധ്യാപകരും വിദ്യാർഥികളും ജീവനക്കാരും നടത്തിയ കൂട്ടായ പരിശ്രമത്തിൻറെ ഫലമാണ് ഈ നേട്ടമെന്ന് അമല മെഡിക്കൽ കോളേജ് ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ സിഎംഐ അറിയിച്ചു.

# കുടുംബശ്രീ ലോകോത്തര വിപണികൾക്കൊപ്പം അഭിവൃദ്ധിപ്പെട്ടു: മന്ത്രി

**കൽപ്പറ്റ:** ലോകോത്തര വിപണികൾക്കൊപ്പം മികച്ച ഉത്പന്നങ്ങൾ വിപണികളിലെത്തിച്ച് കുടുംബശ്രീ അഭിവൃദ്ധിപ്പെട്ടെന്ന് തദ്ദേശ സ്വയംഭരണ മന്ത്രി ഷാജി. ജില്ലയിലെ തദ്ദേശസ്ഥാപന അധ്യക്ഷൻമാർക്ക് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന പദ്ധതികൾ, പരിപാടികൾ പരിചയപ്പെടുത്തുന്നതിന് കുടുംബശ്രീ ജില്ലാമിഷൻ മുട്ടിൽ എംആർ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച ഏകദിന സെമിനാർ ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മന്ത്രി. ഓരോ കുടുംബങ്ങളിലെയും സ്ത്രീകൾ സമ്പാദിച്ചാൽ കേരളം സാമ്പത്തിക അതിജീവനത്തിൽ വലിയ വിപ്ലവം സൃഷ്ടിക്കുമെന്ന് മനസിലാക്കിയാണ് കുടുംബശ്രീ പ്രസ്ഥാനം ആരംഭിച്ചത്. ഒരു പ്രസ്ഥാനം എത്രമാത്രം വലുതാകുന്നുവോ അത്രയും ജാഗ്രത അനിവാര്യമാണ്. കാലത്തിനനുസൃതമായ മാറ്റങ്ങൾ നിരന്തരമായി പ്രവർത്തിക്കണം. തദ്ദേശ സ്ഥാപനങ്ങളും കുടുംബശ്രീയും ഒത്തൊരുമിച്ച് പ്രവർത്തിക്കണമെന്നും കൂട്ടായ്മയെ തെറ്റായ പ്രചാരണത്തോടെ നയിക്കുന്ന ഏതൊരു പ്രവർത്തിയേയും കർശനമായി നേരിടുമെന്നും മന്ത്രി പറഞ്ഞു. ഇത്തരം ജാഗ്രതയുടെ ഭാഗമായിട്ടാണ് തദ്ദേശ അധ്യക്ഷൻമാർക്കും കുടുംബശ്രീയും സംയുക്തമായി ശിൽപശാല സംഘടിപ്പിച്ചത്. ശിൽപശാലയിൽ പനമരം, വെള്ളമുണ്ട സിഡിഎസുകളെ സമ്പൂർണ ഐഎസ്ഒ സിഡിഎസുകളായി മന്ത്രി പ്രഖ്യാപിച്ചു. കുടുംബശ്രീ മാഗസിൻ 'പാനകം26' ഉഷ വിജയൻ എംഎൽഎയ്ക്ക് കൈമാറി മന്ത്രി പ്രകാശനം ചെയ്തു. ഐക്യരാഷ്ട്ര സംഘടന 2026 വനിതാ കർഷക വർഷമായി പ്രഖ്യാപിച്ചത് പ്രകാരം സംസ്ഥാനത്ത് അഞ്ചു വർഷം നീണ്ടുനിൽക്കുന്ന കൃഷി സഖി പദ്ധതിക്ക് കൃഷി വകുപ്പ് നേതൃത്വം കൊടുക്കുകയാണ്. പദ്ധതിയുടെ ആദ്യഘട്ട നടത്തിപ്പാനായി 350 ലക്ഷം രൂപ സംസ്ഥാന തലത്തിൽ മാറ്റിവച്ചിട്ടുണ്ട്. പദ്ധതി തദ്ദേശ സ്ഥാപനങ്ങളും കുടുംബശ്രീയും സംയുക്തമായി പ്രവർത്തിക്കും. കാർഷിക ഉത്പന്നങ്ങളിൽ കീടനാശിനിയുടെ അംശം ഒഴിവാക്കാൻ കാർഷിക വൃത്തിയിലേക്ക് തിരിച്ചു വരണം. ഇതിനായാണ് കതിർ പദ്ധതി വിഭാവനം ചെയ്തിട്ടുള്ളതെന്നും മന്ത്രി പറഞ്ഞു



ഇന്ത്യ ഏരിയ പ്രസിഡന്റ് ഐ.സി രാജു, സെക്രട്ടറി ജേക്കബ് ഫിലിപ്പ്. റീജിയണൺ2 ഭാരവാഹികൾ എം.എസ്.അനിൽ കുമാർ (ചെയർമാൻ) മിനു അന്ന മാത്യു (സെക്രട്ടറി)

# യങ് മൈൻഡ്സ് ഇന്റർനാഷണൽ ഭാരവാഹികൾ

**കൊച്ചി:** അന്തരാഷ്ട്ര സന്നദ്ധ സേവന സംഘടനയായ യങ് മൈൻഡ്സ് ഇന്റർനാഷണലിന്റെ ഇന്ത്യ ഏരിയയുടെയും റീജിയൺ രണ്ടിന്റെയും ഭാരവാഹികൾ സത്യപ്രതിജ്ഞ ചെയ്ത് ചുമതലയേറ്റു.



# മൂവാറ്റുപുഴ ജനറൽ ആശുപത്രിയിലേക്ക് പുതിയ എക്സ്റേ മെഷീൻ

**മൂവാറ്റുപുഴ:** ദിവസവും നൂറുകണക്കിന് രോഗികൾ എത്തുന്ന ജനറൽ ആശുപത്രിയിൽ തകരാറിലായ പഴയ എക്സ്റേ മെഷീന് പകരം പുതിയ എക്സ്റേ മെഷീനും ഒപ്പം അനസ്തേഷ്യ വർക്ക് സ്റ്റേഷനും സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയുടെ പ്രത്യേക പദ്ധതി. തടസങ്ങൾ ഒഴിവാക്കി പുതിയ എക്സ്റേ മെഷീൻ കാലതാമസം കൂടാതെ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചു.

2020–21 സാമ്പത്തിക വർഷത്തെ മൂവാറ്റുപുഴ നിയോജക മണ്ഡലം എംഎൽഎ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ആശുപത്രിയിലേക്ക് അൾട്രാ സൗണ്ട് സ്കാനറും അനസ്തേഷ്യ വർക്ക് സ്റ്റേഷനും സ്ഥാപിക്കുന്നതിനാണ് മുമ്പ് തുക അനുവദിച്ചിരുന്നത്. ഇതിനായി കളക്ടർ ഭരണാനുമതിയും നൽകിയിരുന്നു.

ഇതിനിടെയാണ് ആശുപത്രിയിലെ 10 വർഷത്തോളം പഴക്കമുള്ള എക്സ്റേ മെഷീൻ പൂർണമായും പ്രവർത്തന രഹിതമായത്. ഇതോടെ അൾട്രാ സൗണ്ട് സ്കാനറിന് പകരമായി ആശുപത്രിക്ക് അടിയന്തരമായി ആവശ്യമുള്ള 50 കെവി എക്സ്റേ മെഷീൻ അനുവദിക്കണമെന്ന് കാണിച്ച് ആശുപത്രി സൂപ്രണ്ടിന്റെ റിപ്പോർട്ട് സഹിതം മഎംഎൽഎ കത്ത് നൽകുകയായിരുന്നു.

ഇതോടെ മുമ്പ് അൾട്രാ സൗണ്ട് സ്കാനറിന് അനുവദിച്ച തുക എക്സ്റേ മെഷീനായി വകമാറ്റി ധനകാര്യ വകുപ്പ് പ്രത്യേക ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുകയായിരുന്നു.

# ജൂബിലിയിൽ പ്രത്യേക ഫീവർ ക്ലിനിക്

**തൃശൂർ:** പനിവ്യാപനം ഉയരുന്ന സാഹചര്യത്തിൽ ജൂബിലി മിഷൻ മെഡിക്കൽ കോളജ് ആൻറ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പ്രത്യേക ഫീവർ ക്ലിനിക് ആരംഭിച്ചു. ദിവസവും വൈകീട്ട് 4.30 മുതൽ രാത്രി ഏഴുവരെയാണു പ്രവർത്തനം. ഫാർമസി, ലാബ് പരിശോധനകൾ, എക്സ്റേ, സ്കാനിംഗ് സൗകര്യങ്ങളും ലഭ്യമാണ്. ഓർത്തോപീഡിക്സ്, പീഡിയാട്രിക്സ്, സർജറി, ഗൈനക്കോളജി തുടങ്ങിയ ഒപി സേവനവും വൈകീട്ടുണ്ടാകും.

ജൂബിലി മിഷൻ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയനോടൊപ്പം സിഇഒ ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ, മെഡിക്കൽ സൂപ്രണ്ട് ഡോ. ഷിബു കള്ളിവളപ്പിൽ, പ്രിൻസിപ്പൽ ഡോ. എം.എ. ആൻഡ്രൂസ് എന്നിവർ ക്ലിനിക്കിൻറെ ഉദ്ഘാടനം നിർവഹിച്ചു. 24 മണിക്കൂറും പ്രവർത്തിക്കുന്ന ബുക്കിംഗ് നമ്പർ 04872461000, 04872462000, 04872432200.

# ഇന്ത്യയിലെ ആദ്യ ഫാക്ടറി നിർമിത വോൾവോ 9600 സീറ്റർ സ്ലീപ്പർ ബസ് വിപണിയിൽ




**ന്യൂഡൽഹി:** അന്തർ സംസ്ഥാന ദൂരയാത്രകൾക്കും വിനോദ സഞ്ചാരതീർഥാടന യാത്രകൾക്കും പുതിയൊരു ആഡംബര അനുഭവം സമ്മാനിച്ചുകൊണ്ടാണ് വോൾവോ അവരുടെ പ്രീമിയം മോഡലായ വോൾവോ 9600ന്റെ സീറ്റർ സ്ലീപ്പർ പതിപ്പ് അവതരിപ്പിച്ചിരിക്കുന്നത്. സാധാരണ ബസ് ബോഡി ബിൽഡർമാരെക്കൊണ്ട് ചെയ്തെടുക്കുന്ന രീതിയിൽ നിന്നും മാറി വോൾവോ തന്നെ അവരുടെ ഫാക്ടറിയിൽ നിർമിച്ചു നൽകുന്ന ഇന്ത്യയിലെ ആദ്യത്തെ ഇന്റഗ്രേറ്റഡ് സീറ്റർ സ്ലീപ്പർ കോച്ചാണിത്. ഗുജറാത്തിലെ ഗാന്ധിനഗറിൽ നടന്ന പ്രവാസ് 5.0 ട്രാൻസ്പോർട്ട് സമ്മിറ്റിലാണ് ഈ മോഡൽ പ്രദർശിപ്പിച്ചത്.

ആഡംബരത്തിനും സുരക്ഷക്കും പ്രാധാന്യം നൽകുന്ന 15 മീറ്റർ നീളമുള്ള ഈ പുതിയ കോച്ചിൽ ഒരേ സമയം ഇരിക്കാനും ആവശ്യമുള്ളപ്പോൾ കിടക്കാനും സാധിക്കുന്ന രീതിയിലുള്ള സീറ്റിങ് ലേ ഔട്ടാണ് വോൾവോ ഒരുക്കിയിരിക്കുന്നത്. 24 അപ്പർ സ്ലീപ്പർ ബെർത്തുകൾ, 3 റിയർ ലോവർ ബെർത്തുകൾ, കാഫ് സപ്പോർട്ടുള്ള 27 പ്രീമിയം ലോവർ ഡെക്ക് സീറ്റുകൾ എന്നിങ്ങനെ 51 യാത്രികർക്ക് ഇതിൽ ഒരേസമയം യാത്ര ചെയ്യാനാവും.

ദീർഘദൂരയാത്രകൾക്ക് അനുയോജ്യമായി നിർമ്മിച്ചതിനാൽ വാഹനത്തിനുള്ളിൽ തന്നെ ചെറിയ അടുക്കളയും ആധുനിക ടോയ്‌ലറ്റ് സംവിധാനവുമുണ്ട്. യാത്രികർക്ക് മൂഡ്‌ലൈറ്റിങ്, മികച്ച പ്രൈവസി പാർട്ടീഷനുകൾ, മൊബൈൽ ചാർജിങ് പോർട്ടുകൾ, വിനോദ സംവിധാനങ്ങൾ എന്നിവയും കാബിനുകളിൽ സജ്ജീകരിച്ചിട്ടുണ്ട്. വലിയ ബാഗുകൾ സൂക്ഷിക്കുന്നതിന് വാഹനത്തിന്റെ അടിഭാഗത്തായി 6 ക്യൂബിക് മീറ്റർ വിസ്തീർണമുള്ള വലിയ ലഗേജ് സ്പേസും നൽകിയിട്ടുണ്ട്.

വോൾവോയുടെ പ്രസിദ്ധമായ 15 മീറ്റർ നീളമുള്ള ത്രീ ആക്സിൽ 9600 പ്ലാറ്റ്ഫോമിനെ അടിസ്ഥാനമാക്കിയാണ് ഈ ആഡംബര വാഹനം ഒരുക്കിയിട്ടുള്ളത്. ബെംഗളുരുവിന് സമീപത്തെ വോൾവോ ഹോസ്കോട്ട് അത്യാധുനിക നിർമാണ ശാലയിലാണ് ഈ പ്രീമിയം ബസുകൾ നിർമിക്കുക. മികച്ച പെർഫോമെൻസും ഇന്ധനക്ഷമതയും നൽകുന്ന വോൾവോ ഢള്ളഉത8 എൻജിനാണ് വാഹനത്തിലുള്ളത്. വോൾവോയുടെ പ്രശസ്തമായ ഐ ഷിഫ്റ്റ് ഓട്ടമേറ്റഡ് ട്രാൻസ്മിഷനാണ് എൻജിനുമായി ചേർത്തിരിക്കുന്നത്. 540 ലീറ്ററിന്റെയാണ് ഡീസൽ ടാങ്ക്.

അന്തർസംസ്ഥാന ദൂരയാത്രകൾ, രാത്രികാല സർവീസുകൾ, വിനോദ സഞ്ചാര തീർഥാടന യാത്രകൾ എന്നിവയെ ലക്ഷ്യമിട്ടാണ് ഈ ബസ് വോൾവോ ഒരുക്കിയിരിക്കുന്നത്. ബസ് ഓപറേറ്റർമാരെ ആകർഷിക്കുന്ന ഘടകങ്ങളും പുതിയ ബസിലുണ്ട്. ഒരേ യാത്രയിൽ തന്നെ പുഷ്ബാക്ക് സീറ്റുകളിലാണോ സ്ലീപ്പർ ബെർത്തുകളിലാനോ യാത്ര ചെയ്യേണ്ടതെന്ന് യാത്രികർക്ക് തെരഞ്ഞെടുക്കാനാവും. ഒരേ റൂട്ടുകളിൽ സീറ്റർ ബസുകളും സ്ലീപ്പർ ബസുകളും ഓടിക്കേണ്ടി വരുന്ന ബസ് കമ്പനികൾക്ക് ഇത് ആശ്വാസമാവും.

15 മീറ്റർ നീളവും 2.6 മീറ്റർ വീതിയും 8.350 മീറ്റർ വീൽബേസുമുള്ള വാഹനത്തിന്റെ ഭാരം 22,200 കിലോഗ്രാം വരും. ഇത്രയും നീളമുള്ള വാഹനം റോഡുകളിലൂടെയും ഹെയർപിൻ വളവുകളിലൂടെയും എളുപ്പം കൊണ്ടുപോവാൻ പിന്നിൽ സ്റ്റിയറബിൾ ടാഗ് ആക്സിൽ നൽകിയിട്ടുണ്ട് വോൾവോ. വാഹനത്തിന്റെ മൂന്ന് ആക്സിലുകളിലും ഇലക്ട്രോണിക്കലി കൺട്രോൾഡ് എയർ സ്പ്രിങ് സസ്പെൻഷൻ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് ബസിന്റെ ഭാരവ്യത്യാസങ്ങൾക്കനുസരിച്ച് വാഹനത്തിന്റെ ഉയരം കൃത്യമായ നിലനിർത്താനും യാത്രികർക്ക് കുലുക്കമില്ലാത്ത യാത്രഉറപ്പാക്കാനും സഹായിക്കും.

മികച്ച സുരക്ഷാ സൗകര്യങ്ങളാണ് മറ്റൊരു സവിശേഷത. ഇത്രയും നീളമുള്ള വാഹനം തിരിക്കുമ്പോഴും പാർക്ക് ചെയ്യുമ്പോഴും ഡ്രൈവർക്ക് ചുറ്റുമുള്ള കാഴ്ചകൾ വ്യക്തമായി കാണാൻ 360 ഡിഗ്രി ക്യാമറ സഹായിക്കും. ക്യാമറ അടിസ്ഥാനമാക്കിയുള്ള ഇലക്ട്രോണിക് മിററുകളാണ് വാഹനത്തിലുള്ളത്. ഇത് ഡ്രൈവറുടെ ബ്ലൈൻഡ് സ്പോട്ടുകളെ ഇല്ലാതാക്കാൻ സഹായിക്കുന്നു. എത്ര മോശം കാലാവസ്ഥയിലും ഇത് മികച്ച് കാഴ്ച്ച ഉറപ്പാക്കുന്നുണ്ട്.

ടയറുകളിലെ വായുമർദത്തെ തിരിച്ചറിയാൻ ടയർ പ്രഷർ മോണിറ്ററിങ് സിസ്റ്റം നൽകിയിട്ടുണ്ട്. ദീർഘദൂരയാത്രകളിൽ ഡ്രൈവർമാരുടെ ക്ഷീണം, ഉറക്കം തൂങ്ങൽ, ശ്രദ്ധക്കുറവ് എന്നിവ നിരീക്ഷിക്കാനും മുന്നറിയിപ്പു നൽകാനും ഡ്രൈവർ സ്റ്റേറ്റ് മോണിറ്ററിങ് സിസ്റ്റവും ഡ്രൈവർ മദ്യപിച്ചിട്ടുണ്ടെങ്കിൽ വാഹനം സ്റ്റാർട്ടാവുന്നത് തടയുന്ന ആൽക്കഹോൾ ഇന്റർലോക്ക് സംവിധാനവും ഈ ബസിലുണ്ട്. ഇബിഎസ്, എബിഎസ്, ഇലക്ട്രോണിക് വെഹിക്കിൾ സ്റ്റെബിലിറ്റി കൺട്രോൾ, ഹിൽ സ്റ്റാർട്ട് അസിസ്റ്റ്, എൻജിൻ ബേയിൽ തീപിടുത്തമുണ്ടായാൽ കണ്ടെത്താനും അണക്കാനുമുള്ള ഓട്ടമാറ്റിക് സംവിധാനം, യാത്രികരുടെ കാബിനിലെ പ്രത്യേക അഗ്നിശമന സംവിധാനങ്ങൾ എന്നിവയും വോൾവോ ഈ ബസിൽ ഉറപ്പാക്കിയിട്ടുണ്ട്.

ബസിന്റെ വിവരങ്ങൾ ഉടമകൾക്ക് തൽസമയം കൈമാറുന്ന ആധുനിക ടെലിമാറ്റിക്സ് സംവിധാനവും വോൾവോ 9600 സീറ്റർസ്ലീപ്പർ കോച്ചിലുണ്ട്. ഇതുവഴി ബസ് ഇപ്പോൾ എവിടെയുണ്ട്, നിലവിലെ വേഗത, ഇന്ധന ഉപഭോഗം, എൻജിൻ പെർഫോമെൻസ്, മറ്റു മുന്നറിയിപ്പുകൾ എന്നിവയെല്ലാം തൽസമയം അറിയാനാവും. പുതിയ മോഡലിന്റെ വിലവിവരങ്ങൾ വോൾവോ ബസസ് ഇന്ത്യ ഇതുവരെ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടില്ല.

# ആംവേ ഇന്ത്യയുടെ പുതിയ മൾട്ടിഡിഫൻസ് യു.വി. സൺസ്ക്രീൻ വിപണിയിൽ

**കൊച്ചി:** ചർമ്മസംരക്ഷണ ഉൽപ്പന്നങ്ങളുടെ ശ്രേണി വിപുലീകരിച്ച് ആംവേ ഇന്ത്യ. ആർട്ടിസ്ട്രി സ്കിൻ ന്യൂട്രിഷൻ മൾട്ടിഡിഫൻസ് യു.വി. പ്രൊട്ടക്റ്റ് സൺസ്ക്രീനാണ് വിപണിയിൽ അവതരിപ്പിച്ചത്. ന്യൂട്രിലൈറ്റ് സസ്യഘടകങ്ങളും ആർട്ടിസ്ട്രിയുടെ സ്കിൻ സയൻസും സംയോജിപ്പിച്ചാണ് പുതിയ ഉൽപ്പന്നം അവതരിപ്പിച്ചിരിക്കുന്നത്.

യുവിഎ,യുവിബി രശ്മികൾ, ദൃശ്യപ്രകാശം, ഇൻഫ്രാറെഡ് പ്രകാശം, ഫ്രീ റാഡിക്കലുകൾ എന്നിവയിൽ നിന്ന് ചർമ്മത്തിന് ടജഎ 50+ ജഅ++++ സംരക്ഷണം നൽകുന്നതാണ് ഉൽപ്പന്നത്തിന്റെ പ്രധാന സവിശേഷത. മാതളനാരങ്ങ, ക്രിസാന്തിമം മൊറിഫോളിയം ഫ്ലവർ എക്സ്ട്രാക്ട്, കാർണോസിൻ എന്നിവയും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.പ്രകൃതിദത്ത ഘടകങ്ങളും ആധുനിക ചർമ്മസംരക്ഷണ സാങ്കേതികവിദ്യയും സംയോജിപ്പിച്ചാണ് പുതിയ ഉൽപ്പന്നം വികസിപ്പിച്ചതെന്ന് ആംവേ ഇന്ത്യ മാനേജിംഗ് ഡയറക്ടർ രജ്നീഷ് ചോപ്ര പറഞ്ഞു

വീഗൻ ഫോർമുലേഷനിലുള്ള സൺസ്ക്രീൻ 80 മിനിറ്റ് വരെ വാട്ടർ റെസിസ്റ്റന്റാണ്. പാരബെൻ, മിനറൽ ഓയിൽ, സൾഫേറ്റ് സർഫാക്ടന്റുകൾ എന്നിവ ഇല്ലാതെയാണ് ഇത് രൂപകൽപന ചെയ്തിരിക്കുന്നത്.3,399 രൂപയാണ് ഉൽപ്പന്നത്തിന്റെ വില. ആംവേ ബിസിനസ് ഓണർമാർ, ആംവേ സ്റ്റോറുകൾ, കമ്പനിയുടെ ഔദ്യോഗിക വെബ്സൈറ്റ് എന്നിവ വഴി ലഭ്യമാകും.



# ബോധവത്കരണ ക്യാമ്പയിൻ ആരംഭിച്ച് ബന്ധൻ ബാങ്ക്

**കൊച്ചി:** സൈബർ തട്ടിപ്പുകളെക്കുറിച്ചുള്ള പൊതുജന അവബോധം വർധിപ്പിക്കുന്നതിനായി ബന്ധൻ ബാങ്ക് കോർപ്പറേറ്റ് സാമൂഹിക ഉത്തരവാദിത്ത പദ്ധതിയുടെ ഭാഗമായി 'സൈബർ കോപ്പ്' എന്ന രാജ്യവ്യാപക ബോധവത്കരണ ക്യാമ്പയിൻ ആരംഭിച്ചു. ചലച്ചിത്ര സംവിധായകൻ രോഹിത് ഷെട്ടി ക്യാമ്പയിന്റെ ഭാഗമായി ജനങ്ങളിലേക്ക് സന്ദേശം എത്തിക്കും. ഡിജിറ്റൽ ഇടപാടുകളിൽ കൂടുതൽ ജാഗ്രത പുലർത്താനും 'നിർത്തുക, പരിശോധിക്കുക, റിപ്പോർട്ട് ചെയ്യുക' എന്ന സന്ദേശം പ്രചരിപ്പിക്കാനുമാണ് ക്യാമ്പയിൻ ലക്ഷ്യമിടുന്നത്. സൈബർ തട്ടിപ്പുകൾ ദേശീയ സൈബർ കുറ്റകൃത്യ റിപ്പോർട്ടിങ് പോർട്ടലിലൂടെയോ 1930 ഹെൽപ്‌ലൈൻ നമ്പറിലൂടെയോ റിപ്പോർട്ട് ചെയ്യാനും ക്യാമ്പയിൻ പ്രോത്സാഹിപ്പിക്കുന്നു. സുരക്ഷിതമായ ഡിജിറ്റൽ സാമ്പത്തിക ഇടപാടുകൾക്ക് പൊതുജനങ്ങളെ പ്രാപ്തരാക്കുകയാണ് ഈ സംരംഭത്തിലൂടെ ലക്ഷ്യമിടുന്നതെന്ന് ബാങ്ക് അറിയിച്ചു.

# ഹീറോ മോട്ടോർകോർപ്പ് വിഡ ബ്രാൻഡിൽ പുതിയ ഇലട്രിക് സ്കൂട്ടർ വിപണിയിൽ ഇറക്കി



**കൊച്ചി:** ഹീറോ മോട്ടോകോർപ്പിന്റെ ഇലക്ട്രിക് മൊബിലിറ്റി ബ്രാൻഡായ വിഡ പുതിയ വിഡ ഇവൂട്ടർ വി എക്സ് 2 പ്ലസ് സ്കൂട്ടർ അവതരിപ്പിച്ചു. ഒറ്റ ചാർജിൽ 187 കിലോമീറ്റർ വരെ സഞ്ചരിക്കാനാകുന്ന ഈ മോഡലിന്റെ ഡൽഹി എക്സ്ഷോറൂം വില 1,43,990 രൂപയാണ്. 90 കിലോമീറ്റർ വരെ പരമാവധി വേഗതയും 65 മിനിറ്റിനുള്ളിൽ 80 ശതമാനം വരെ അതിവേഗ ചാർജിങ് സൗകര്യവും ഈ സ്കൂട്ടറിനുണ്ട്. ബെംഗളൂരുവിൽ നിന്ന് ഡൽഹിവരെ 52 ദിവസത്തിനിടെ 12,111 കിലോമീറ്റർ സഞ്ചരിച്ച് ഇലക്ട്രിക് സ്കൂട്ടറിൽ ഏറ്റവും ദൈർഘ്യമേറിയ യാത്ര എന്ന നേട്ടത്തോടെ ഏഷ്യ ബുക്ക് ഓഫ് റെക്കോർഡ്സിലും ഇടം നേടി. രാജ്യത്തുടനീളം 6,000ത്തിലധികം അതിവേഗ ചാർജിങ് കേന്ദ്രങ്ങളും 700ലേറെ സർവീസ് ടച്ച്പോയിന്റുകളും വിഡ ഒരുക്കിയിട്ടുണ്ടെന്നും കമ്പനി അറിയിച്ചു.

# ഐസിഎൽ ഫിൻകോർപ് ഒന്നിച്ചോണം പൊന്നോണം 2026 ന് ഒരുക്കങ്ങളായി




**കൊച്ചി:** ഐസിഎൽ ഫിൻകോർപിന്റെ നേതൃത്വത്തിൽ ഇരിങ്ങാലക്കുടയിൽ നടക്കുന്ന ഓണാഘോഷത്തിന് (ഒന്നിച്ചോണം പൊന്നോണം 2026) വിപുലമായ സംഘാടക സമിതി രൂപീകരിച്ചു. സംസ്ഥാനതലത്തിൽ ശ്രദ്ധയാകർഷിക്കുന്ന തരത്തിലുള്ള പരിപാടികളാണ് ആസൂത്രണം ചെയ്യുന്നതെന്നു സംഘാടക സമിതി യോഗത്തിൽ അധ്യക്ഷത വഹിച്ച ഐസിഎൽ ഫിൻകോർപ് ചെയർമാൻ അഡ്വ. കെ.ജി. അനിൽകുമാർ അറിയിച്ചു. പുലികളി, കുമ്മാട്ടി, തെയ്യം, തിറ, തിരുവാതിര, കഥകളി തുടങ്ങിയ കേരളീയ കലാരൂപങ്ങൾ അണിനിരത്തി വിപുലമായ ഘോഷയാത്ര ഒരുക്കും. ഗിന്നസ് വേൾഡ് റിക്കാർഡ് കരസ്ഥമാക്കുന്നതിനുള്ള സാധ്യതകളും പരിശോധിക്കുന്നുണ്ട്. സ്കൂളുകൾ, കോളജുകൾ എന്നിവ കേന്ദ്രീകരിച്ച് മത്സരങ്ങളും സംഘടിപ്പിക്കും.

എംഎൽഎമാരായ അഡ്വ. തോമസ് ഉണ്ണിയാടൻ, സനീഷ് കുമാർ ജോസഫ്, ഇരിങ്ങാലക്കുട നഗരസഭാ ചെയർമാൻ എം.പി. ജാക്സൺ, തൃശൂർ ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ടി.കെ. സുധീഷ് എന്നിവർ യോഗത്തിൽ പങ്കെടുത്തു. എം.പി. ജാക്സൺ ചെയർമാനായി 2000 ൽ പരം പേരുള്ള സംഘാടക സമിതിക്കാണു രൂപം നൽകിയത്.

## കിൽ ദി പെട്രോൾ ബിൽ പദ്ധതിയുമായി അൾട്രാവയലറ്റ്; പുതിയ ഇവി വാങ്ങുമ്പോൾ ക്യാഷ്ബാക്ക്




**കൊച്ചി:** പെട്രോൾ വില കുതിച്ചുയരുന്ന സാഹചര്യത്തിൽ ഇലക്ട്രിക് വാഹനങ്ങൾ എളുപ്പത്തിൽ സ്വന്തമാക്കാൻ പുതിയ പദ്ധതിയുമായി പ്രമുഖ ഇവി ബ്രാൻഡായ അൾട്രാവയലറ്റ്. കിൽ ദി പെട്രോൾ ബിൽ എന്ന പുതിയ പദ്ധതിയിലൂടെ രാജ്യത്തുടനീളമുള്ള ഇരുചക്ര വാഹന ഉപഭോക്താക്കൾക്ക് ആകർഷകമായ ആനുകൂല്യങ്ങളാണ് കമ്പനി വാഗ്ദാനം ചെയ്യുന്നത്.

ഈ പദ്ധതി പ്രകാരം അൾട്രാവയലറ്റ് എഫ്77 അല്ലെങ്കിൽ എക്സ്47 മോഡലുകളിലേക്ക് അപ്ഗ്രേഡ് ചെയ്യുന്ന ഉപഭോക്താക്കൾക്ക് തങ്ങളുടെ പഴയ ഇരുചക്ര വാഹനത്തിൽ കഴിഞ്ഞ രണ്ട് വർഷത്തിനിടെ സഞ്ചരിച്ച കിലോമീറ്ററുകൾക്ക് തുല്യമായ തുക ക്യാഷ്ബാക്കായി ലഭിക്കും. ജൂലൈ 31 വരെയാണ് ഓഫർ.

കഴിഞ്ഞ രണ്ട് വർഷത്തിനിടെ 20,000 കിലോമീറ്റർ ഓടിയ വാഹനമാണെങ്കിൽ 20,000 ക്യാഷ്ബാക്ക് ലഭിക്കും. റൈഡിംഗ് ഹിസ്റ്ററിയും വാഹനത്തിന്റെ ഉപയോഗവും അടിസ്ഥാനമാക്കി ഉപഭോക്താക്കൾക്ക് പരമാവധി 30,000 വരെയുള്ള ആനുകൂല്യങ്ങൾ ഇതിലൂടെ നേടാം. എഫ്77, എക്സ്47 മോഡലുകൾ ഉപയോഗിക്കുന്നതിലൂടെ ഇന്ധനച്ചെലവിൽ മാത്രം പ്രതിമാസം 3,000 മുതൽ 5,000 വരെ ലാഭിക്കാനും സാധിക്കും.




# അമേരിക്കയിലെ എട്ടാമത്തെ ഷോറൂം ന്യൂജെഴ്സിയിൽ തുറന്ന് ജോയ് ആലുക്കാസ്

**ന്യൂജെഴ്സി:** ആഗോള ജ്വല്ലറി ഗ്രൂപ്പായ ജോയ്ആലുക്കാസിന്റെ അമേരിക്കയിലെ എട്ടാമത്തെ ഷോറൂം ന്യൂജെഴ്സിയിൽ തുറന്നു. ഇസെലിനിലുള്ള 42 മാർക്കോണി അവന്യൂവിൽ ആരംഭിച്ച ഷോറൂമിന്റെ ഉദ്ഘാടനം വുഡ്ബ്രിഡ്ജ് ടൗൺഷിപ്പ് മേയർ ജോൺ ഇ മക്കോർമക്, ജോയ്ആലുക്കാസ് ജ്വല്ലറി സിഇഒ ജോൺ പോൾ ആലുക്കാസ്, ഡയറക്ടർ സോണിയ ആലുക്കാസ് എന്നിവർ നിർവഹിച്ചു.

കലിഫോർണിയ, നാപെർവില്ലേ, ഷിക്കാഗോ, ടെക്സസ്, എഡിസൺ എന്നിവിടങ്ങളിൽ സാന്നിധ്യമുള്ള ജോയ്ആലുക്കാസ് ഗ്രൂപ്പിന്റെ അമേരിക്കയിലെ ബിസിനസ് വിപുലീകരണത്തിന്റെ ഭാഗമായാണ് പുതിയ ഷോറൂം തുറന്നത്. 2016ലാണ് അമേരിക്കയിൽ ജോയ്ആലുക്കാസ് ആദ്യ ഷോറൂം ആരംഭിച്ചത്. പത്താം വാർഷികാഘോഷങ്ങളുടെ ഭാഗമായി പുതിയ ഷോറൂമിൽനിന്നും ഗോൾഡ്, ഡയമണ്ട്, പോൾകി, പ്രഷ്യസ് ആഭരണങ്ങൾ പർച്ചേസ് ചെയ്യുന്നവർക്കു പണിക്കൂലിയിൽ ഫ്ളാറ്റ് 30 ശതമാനം ഇളവ് ലഭിക്കും. കൂടാതെ, ഓരോ പർച്ചേസുകൾക്കും ഉറപ്പായ സമ്മാനങ്ങളും നൽകും. പ്രീമിയം ജ്വല്ലറി ഷോപ്പിംഗ് അനുഭവം ലഭിക്കുന്ന രീതിയിൽ അത്യാധുനിക ഫീച്ചറുകളോടെയാണു പുതിയ ഷോറൂം ഒരുക്കിയിട്ടുള്ളത്. ആധുനികവും പരമ്പരാഗതവുമായ ആഭരണങ്ങളുടെ അതിവിപുല കളക്ഷനുകൾ ഷോറൂമിലുണ്ട്. വാർഷിക ഓഫറുകൾ 19 വരെയും, ഉദ്ഘാടന ഓഫറുകൾ 26വരെയും ലഭ്യമാകുമെന്നു ജോയ് ആലുക്കാസ് ജ്വല്ലറി സിഇഒ ജോൺ പോൾ ആലുക്കാസ് അറിയിച്ചു.

## എസ്ബിഐ ഫണ്ട്സ് മാനേജ്മെന്റ് ലിമിറ്റഡ് ഐപിഒയ്ക്ക് ഗംഭീര തുടക്കം

**കൊച്ചി:** രാജ്യത്തെ മുൻനിര അസറ്റ് മാനേജ്മെന്റ് കമ്പനിയായ എസ്ബിഐ ഫണ്ട്സ് മാനേജ്മെന്റ് ലിമിറ്റഡിന്റെ ഐപിഒയ്ക്ക് (പ്രാരംഭ ഓഹരി വിൽപ്പന) വിപണിയിൽ ആവേശകരമായ സ്വീകരണം. ഐപിഒയുടെ ആദ്യദിനത്തിൽ പൊതുവിപണിയിൽ വെച്ച ഓഹരികളുടെ 68 ശതമാനത്തിന് സബ്സ്ക്രിപ്ഷൻ ലഭിച്ചു. പൊതുജനങ്ങൾക്കായി മാറ്റിവെച്ച 12.45 കോടി ഓഹരികളിൽ 8.50 കോടിയിലധികം ഓഹരികൾക്കുള്ള ബിഡുകളാണ് ആദ്യദിനം ലഭിച്ചത്.

9,795.32 കോടി രൂപ മൂലധന സമാഹരണം ലക്ഷ്യമിട്ടാണ് ഐപിഒ. ഓഹരിയൊന്നിന് 545 രൂപ മുതൽ 574 രൂപ വരെയാണ് പ്രൈസ് ബാൻഡ് നിശ്ചയിച്ചിട്ടുള്ളത്. ഐപിഒ ആരംഭിക്കുന്നതിന് മുന്നോടിയായി ആങ്കർ നിക്ഷേപത്തിലൂടെ 2,663 കോടി രൂപയും, പ്രീഐപിഒ പ്ലേസ്മെന്റിലൂടെ 1,880 കോടി രൂപയും കമ്പനി സമാഹരിച്ചിരുന്നു. പൂർണ്ണമായും ഓഫർ ഫോർ സെയിൽ മുഖേന നടക്കുന്ന ഐപിഒ ഇന്ന് അവസാനിക്കും.

## നന്തിലത്ത് ജി മാർട്ട് സമ്മാനങ്ങൾ നൽകി

**തൃശൂർ:** നന്തിലത്ത് ജി മാർട്ട് വക്കാലക്കാ ഓഫർ വിജയികൾക്കുള്ള സമ്മാന വിതരണം തൃശൂർ ലുലു കൺവൻഷൻ സെന്ററിൽ മന്ത്രി ഒ.ജെ. ജനീഷും രാജൻ ജെ. പല്ലൻ എംഎൽഎയും ചേർന്ന് നിർവഹിച്ചു.

നന്തിലത്ത് ജി മാർട്ട് ചെയർമാൻ ഗോപു നന്തിലത്ത്, ഷൈനി ഗോപു നന്തിലത്ത്, ഡയറക്ടർ ഐശ്വര്യ നന്തിലത്ത്, സിഇഒ പി.എ. സുബൈർ, അഡ്മിനിസ്ട്രേഷൻ ഹെഡ് എൻ.പി. ജോയ്, ഐടി ഡിവിഷൻ ജനറൽ മാനേജർ പ്രവീൺ, ഗൾഫ് പാർക്ക് ബാബു എന്നിവർ പങ്കെടുത്തു.

കെ.പി. സജിക്കാണ് മെഗാബമ്പർ സമ്മാനമായ സ്റ്റുഡിയോ അപാർട്ട്മെന്റ് ലഭിച്ചത്. അഞ്ച് ഹ്യുണ്ടായി എക്സ്റ്റർ കാറുകൾ ആയിരുന്നു ബമ്പർ സമ്മാനം.

കെ.എസ്. ശ്രീഗുൽ, പി. സുകുമാരൻ, ആർ. പ്രത്യുഷ്, ജിബിൻ ജോസഫ്, സഞ്ജു വി. സജീവ് എന്നിവർക്കാണു കാറുകൾ ലഭിച്ചത്.

## ഡെവലപ്പർമാർക്കും സ്റ്റാർട്ടപ്പുകൾക്കും കൈത്താങ്ങായി ഗൂഗിൾ

**ബംഗളൂരു:** രാജ്യത്തെ ഡെവലപ്പർമാർ, സ്റ്റാർട്ടപ്പുകൾ, സംരംഭങ്ങൾ എന്നിവർക്ക് മുൻനിര എഐ സാങ്കേതികവിദ്യകൾ എളുപ്പത്തിൽ പ്രയോജനപ്പെടുത്താൻ ലക്ഷ്യമിട്ടുള്ള പുതിയ സംരംഭങ്ങളുമായി ഗൂഗിൾ.

ബംഗളൂരുവിൽ നടന്ന 'ഗൂഗിൾ ഐ/ഓ കണക്ട് ഇന്ത്യ 2026 സമ്മേളനത്തിലാണ് എഐ അധിഷ്ഠിത വിദ്യാഭ്യാസ ഉപകരണങ്ങൾ, സുരക്ഷാ സംവിധാനങ്ങൾ, തദ്ദേശീയമായ ക്ലൗഡ് സേവനങ്ങൾ എന്നിവ ഉൾപ്പെടുന്ന വിപുലമായ പദ്ധതികൾ കമ്പനി പ്രഖ്യാപിച്ചത്.

ഡാറ്റാ ലോക്കലൈസേഷൻ നിയമങ്ങൾ പാലിച്ച് ആഗോള എഐ മോഡലുകൾ സുരക്ഷിതമായി ഉപയോഗിക്കാൻ സഹായിക്കുന്നതരത്തിലാണ് പുതിയ മാറ്റങ്ങൾ അവതരിപ്പിച്ചിരിക്കുന്നത്. ഇന്ത്യയിലെ ആൻഡ്രോയിഡ്, ഗൂഗിൾ പ്ലേ ഇക്കോ സിസ്റ്റം 2025ൽ മാത്രം രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയിലേക്കും ആപ്പ് നിർമാതാക്കൾക്കുമായി 5.3 ലക്ഷം കോടി രൂപ (60 ബില്യൺ ഡോളർ) സംഭാവന ചെയ്തതായും ഇത് മുൻവർഷത്തെ അപേക്ഷിച്ച് 28 ശതമാനം വളർച്ച രേഖപ്പെടുത്തിയതായും സമ്മേളനത്തിൽ ഗൂഗിൾ വ്യക്തമാക്കി.

കർണാടക മുഖ്യമന്ത്രി ഡി.കെ. ശിവകുമാർ മുഖ്യാതിഥിയായ ചടങ്ങിൽ സാങ്കേതിക മുന്നേറ്റങ്ങളിൽ കർണാടകയെ ഗൂഗിളിന്റെ ഏറ്റവും വലിയ പരീക്ഷണശാലയാക്കി മാറ്റാൻ അദ്ദേഹം ആഹ്വാനം ചെയ്തു. വിദ്യാർഥികൾ, ഗവേഷകർ, സംരംഭകർ എന്നിവർ ഒത്തൊരുമിച്ച് കൂടുതൽ നൂതനവും സുരക്ഷിതവുമായ ഒരു സാങ്കേതിക ഭാവി കെട്ടിപ്പടുക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

വിവരങ്ങൾ തെരയുന്ന ഘട്ടത്തിൽനിന്നു മാറി, നിർദേശിക്കപ്പെടുന്ന ചുമതലകൾ സുരക്ഷിതമായി നിർവഹിക്കുന്ന ഏജൻറിക് എഐ യുഗത്തിലേക്ക് രാജ്യം മാറുകയാണെന്നും, ഇതിനാവശ്യമായ തദ്ദേശീയമായ അടിസ്ഥാന സൗകര്യങ്ങളും സുരക്ഷാ സംവിധാനങ്ങളും ഒരുക്കുകയാണു തങ്ങളുടെ ലക്ഷ്യമെന്നും ഗൂഗിൾ ഇന്ത്യ കൺട്രി മാനേജർ പ്രീതി ലോബാന പറഞ്ഞു.

കേവലം സാങ്കേതിക മോഡലുകളുടെ വലുപ്പത്തിലല്ല, മറിച്ച് സമൂഹത്തിൽ അതുണ്ടാക്കുന്ന നല്ല മാറ്റങ്ങളിലാണ് എഐയുടെ പുരോഗതി അളക്കേണ്ടതെന്ന് ഗൂഗിൾ ഡീപ്മൈൻഡ് സീനിയർ ഡയറക്ടർ മനീഷ് ഗുപ്തയും കൂട്ടിച്ചേർത്തു.

RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com